# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P1/2268/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 01/04/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P1/2268/22 തീയ്യതി: 01/04/2023

## കൊല്ലം ജില്ലയിലെ കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-08-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി എം. ഡി. അമ്പിളി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 21-11-2022 | 29-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-11-2022 | 29-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സജികുമാർ, ജി ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ. അരുൺകുമാർ എ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. ജയകുമാരിഅമ്മ ജി, സീനി.ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. റജിന എ. എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അനിൽ കുമാർ പി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ രമേഷ് കെ.എസ് | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അനിലാൽ വി.ആർ | അസി.സെക്രട്ടറി | 01-04-2021 | 15-07-2022 |
| ശ്രീ അനിൽ കുമാർ ജി | അസി.സെക്രട്ടറി | 16-07-2021 | 31-01-2022 |
| ശ്രീ റ്റോഷി സിസേലിയ | അസി.സെക്രട്ടറി | 08-02-2022 | 31-03-2022 |
| ശ്രീമതി രമ്യാ സത്യൻ | അസി.എഞ്ചീനിയർ | 01-04-2021 | 31-03-2022 |
| ശ്രീ പ്രിയകുമാർ പി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി നമിതാ ജസ്റ്റിൻ | ഹെഡ് മിസ്ട്രസ് | 01-04-2021 | 31-03-2022 |
| ശ്രീമതി അശ്വതി പി.എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി കാർത്തിക എം എസ് | ഡയറിഫാംഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ പ്രദീപ് റ്റി എ | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ പ്രകാശ് | മെഡിക്കൽ ഓഫീസർ-സി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ തോമസ്സ് കോശി | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീ. അഭിലാഷ് | വി.ഇ.ഒ 1 | 01-04-2021 | 20-10-2021 |
| ശ്രീമതി മിന്റു മോഹൻ | വി.ഇ.ഒ 1 | 21-10-2021 | 31-03-2022 |
| ശ്രീ നവാസ് എസ് | വി.ഇ.ഒ 2 | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | ലേലത്തുക ഈടാക്കാൻ അവശേഷിക്കുന്നു. | 1-11 |
| 13 | വാടക ഈടാക്കിയിട്ടില്ല | 1-12 |
| 14 | മാനുവൽ രസീത് പ്രകാരം കെട്ടിടനികുതിയിനത്തിൽ പിരിച്ചെടുത്ത തുക സഞ്ചയ സോഫ്റ്റ്‌വെയറിൽ പോസ്റ്റ് ചെയ്തിട്ടില്ല | 1-13 |
| 15 | ലൈഫ് ഭവന നിർമ്മാണ പദ്ധതി- വീടുകൾ പൂർത്തീകരിച്ചില്ല. | 1-14 |
| 16 | കന്നുകുട്ടി പരിപാലനം-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല- ചെലവ് തുക 625000 തടസ്സത്തിൽ വയ്ക്കുന്നു. | 1-15 |
| 17 | സർക്കാർ ഉത്തരവിന് വിരുദ്ധമായി കംമ്പ്യൂട്ടർ വാങ്ങി-ചെലവ് തുക -52000 /- തടസ്സപ്പെടുത്തുന്നു. | 1-16 |
| 18 | വീട് വാസയോഗ്യമാക്കൽ - പണി പൂർത്തിയാക്കിയിട്ടില്ല-ചെലവ് തുക 100000/-തടസ്സത്തിൽ വയ്ക്കുന്നു. | 1-17 |
| 19 | എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി- നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-18 |
| 20 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ പ്രവൃത്തികളിൽ ജി.എസ്.റ്റി. 2% റ്റി.ഡി.എസ് ആയി കുറവ് ചെയ്തിട്ടില്ല | 1-19 |
| 21 | ദേശീയ തൊഴിലുറപ്പ് പദ്ധതി-അവലോകനം | 1-20 |
| 22 | തെരുവ് വിളക്ക് സ്ഥാപിക്കൽ (58/22), ക്രമപ്രകാരമല്ലാതെ ഉയർന്ന നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചു. | 1-21 |
| 23 | പൂർത്തീകരണ /വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 1-22 |
| 24 | മൈക്ക് അനൗൺസ്മെൻറ് ചാർജ്ജ്, 2 തവണ നല്കി | 1-23 |

| | | |
|---|---|---|
| 25 | ഗ്രാമ പഞ്ചായത്ത് ലൈബ്രറി നവീകരണം ,നിർവ്വഹണ ഏജൻസിക്ക് അധികം തുക നല്കി | 1-24 |
| 26 | രവീന്ദ്രൻ മാസ്റ്റർ സ്മാരക നിർമ്മാണം (274 / 20) പുനർനിർമ്മാണവും സമയബന്ധിതമായി നടക്കുന്നില്ല. | 1-25 |
| 27 | ഇ ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില അസി. എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 1-26 |
| 28 | പൂർത്തീകരിച്ച പ്രവൃത്തിയുടെ തുക നല്കിയിട്ടില്ല | 1-27 |
| 29 | ഹോംകോയിൽ നിന്നും മരുന്നു ലഭിച്ചില്ല. | 1-28 |
| 30 | സാക്ഷരതാ തുല്യതാപഠന സഹായം-രേഖകൾ ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു. | 1-29 |
| 31 | പാലിയേറ്റീവ് കെയർ പദ്ധതി-രേഖകളുടെ അഭാവത്തിൽ 1120643/- രൂപ തടസ്സപ്പെടുത്തുന്നു. | 1-30 |
| 32 | ഉപയോഗക്രമത്തിനനുസരിച്ച് കെട്ടിടഭാഗങ്ങളുടെ നികുതി നിർണയിക്കുന്നില്ല | 1-31 |
| 33 | ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല | 1-32 |
| 34 | റീകൺസീലിയേഷൻ - അപാകതകൾ | 1-33 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | തെരുവ് വിളക്ക് സ്ഥാപിക്കൽ (58/22), ക്രമപ്രകാരമല്ലാതെ ഉയർന്ന നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചു. | 3-1 |
| 2 | മൈക്ക് അനൗൺസ്മെൻറ് ചാർജ്ജ്, 2 തവണ നല്കി | 3-2 |
| 3 | ഗ്രാമ പഞ്ചായത്ത് ലൈബ്രറി നവീകരണം ,നിർവ്വഹണ ഏജൻസിക്ക് അധികം തുക നല്കി | 3-3 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |

| | | |
|---|---|---|
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധം-3 | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് 22.2.21-ലെ I(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2022 | 24.9.22 | - | |

### 1-2-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

2021-22 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെക്കൊടുക്കുന്നു.

1. വികസനഫണ്ട് -ജനറൽ,എസ്സ്.സി.പി,റ്റി.എസ്സ്.പി ചെലവുതുക വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ACR | AFS |
|---|---|---|
| വികസനഫണ്ട് -ജനറൽ | 57691251 | 55172329 |
| എസ്സ്.സി.പി | 13336096 | 12187169 |
| റ്റി.എസ്സ്.പി | 3700363 | 3254500 |

2. Cheque Issued But Not Presented Into Bank/Cheque Deposited But Not Collected എന്നീ ശീർഷകങ്ങളിൽ കാലാവധികഴിഞ്ഞ ചെക്കുകൾ ഉൾപ്പെട്ടിരിക്കുന്നു.(SCB,കുളത്തൂപ്പുഴ-3345)

| തുക | ചെക്ക് നം./ തീയതി |
|---|---|
| 3250/- | 201210/26.5.21 |
| 1000/- | 200968/22.1.21 |
| 250/- | 200697/22.12.20 |
| 345/- | 200598/15.2.19 |
| 866/- | 200977/22.1.21 |
| 500/- | 200965/22.1.21 |
| 1000/- | 200966/22.1.21 |

2(a). Uncashed Cheque, Cheque Credited But Not Collected എന്നീ ഇനങ്ങളിൽപ്പെടുത്തിയിട്ടുള്ള തുകകൾ Encash ചെയ്തതായും ക്രഡിറ്റ് ചെയ്തതായും ബാങ്ക് പാസ്സ്ബുക്കിൽ നിന്നും വ്യക്തമാകുന്നു. വിശദാംശം ഖണ്ഡിക 1.33ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

3. ഗ്രാമീൺ ബാങ്ക്-കുളത്തൂപ്പുഴ സ്പെഷ്യൽ ഫണ്ട്- അക്കൌണ്ട് നം- 8064 ലെ നീക്കിയിരുപ്പ് 23348951/- രൂപയാണ്. ആയതിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റുമെന്റ് ഹാജരാക്കിയിട്ടില്ല.

4. ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ (ബി-18ഷെഡ്യൂൾ) 18000/- രൂപ ഉൾപ്പെട്ടിട്ടുണ്ട്.വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല.

5. KURDFC ലോൺ-ലഭിച്ച തുക വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല

ലോൺ രജിസ്റ്റർ പ്രകാരം-18320000

AFS പ്രകാരം- 24720000

6. ലോൺ നീക്കിയിരുപ്പ് തുകയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

7. ലൈഫ് സ്റ്റേറ്റ് ഷെയർ നീക്കിയിരുപ്പ് തുക രജിസ്റ്റർ പ്രകാരം 9240000/-രൂപയാണ്.എന്നാൽ ബി-4 ഷെഡ്യൂളിൽ ഉൾപ്പെട്ടിരിക്കുന്ന തുക 10270000/- രൂപയാണ്.

8. KSEB- യിൽ നിക്ഷേപപ്രവൃത്തിക്ക് നൽകിയ തുക തൻവർഷം 330610/-(238510+92100) രൂപയാണ്.എന്നാൽ RP-47 ൽ ഉൾപ്പെട്ട തുക 2028169/- രൂപയാണ്.

9. ലേലം-രജിസ്റ്റർ പ്രകാരമുള്ള തുക വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| | രജിസ്റ്റർ പ്രകാരം | AFS പ്രകാരം |
|---|---|---|
| ഡിമാന്റ് | 1717200/- | 821128/- |
| കളക്ഷൻ | 1562450/- | 1369678/- |

ഡിമാന്റ് കുറവും കളക്ഷൻ കൂടുതലുമായിട്ടുമാണ് AFS ൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

10. Capital Work In Progress AFS പ്രകാരം 2926425/- രൂപയാണ്.എന്നാൽ AE-യുടെ സാക്ഷ്യപത്രം പ്രകാരം 3085744/- രൂപയാണ്.

11. B-7 ഷെഡ്യൂൾ പ്രകാരമുള്ള Contractors Security Deposit ഇനത്തിലുള്ള തുക151025/ രൂപയാണ്.ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 152825/-രൂപയാണ്.

12. B-7 ഷെഡ്യൂളിൽ ഉൾപ്പെട്ട ചുവടെപ്പറയുന്ന ഇനങ്ങളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

| ഇനം | തുക |
|---|---|
| Contractor Security Deposit | 11250/- |
| Contractors Retention | 105239/- |
| Rent Deposit | 302244/- |
| Water Deposit | 2819245/- |
| Election Deposit | 57500/- |
| Road Cutting Deposit | 1000/- |

13. Deposit- വരവുതുക വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | AFS പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|
| Suppliers EMD | 40050/- | 51300/- |
| Bidders EMD | 29200/- | 49400/- |

14. Deposit- തിരികെ നൽകിയ തുകവാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | AFS പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|
| Suppliers EMD | 24800/- | 36050/- |
| Bidders EMD | 28400/- | 48600/- |

15. വികസനഫണ്ട്-ജനറൽ,എസ്.സി.പി,റ്റി.എസ്.പി ചെലവുതുക സുലേഖാ സ്റ്റേറ്റുമെന്റുമായി പൊരുത്തപ്പെടുന്നില്ല.

16. മെയിന്റനൻസ് ഫണ്ട്- നോൺ റോഡ് ചെലവു തുക സുലേഖ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 21978777 |
| വരവ് | 246771354 |
| ആകെ | 268750131 |
| ചെലവ് | 212726215 |
| നീക്കിയിരിപ്പ് | 56023916 |
| വരവിനങ്ങളിലുള്ള നഷ്ടം | - |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം | 1,40053 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 29,50263 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 65488947 | 65488947 | 65483325 | 5622 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 15772402 | 15772402 | 15703585 | 68817 |
| വികസന ഫണ്ട്-റ്റി.എസ്സ്.പി | 0 | 4284962 | 4284962 | 4284267 | 695 |
| മെയിന്റനൻസ്, റോഡ് | 0 | 16120445 | 16120445 | 5947994 | 10172451 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 11691956 | 11691956 | 8988369 | 2703587 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(basic Grant ) | 0 | 5519568 | 5519568 | 4634902 | 884666 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Performance Grant) | 0 | 17652530 | 17652530 | 1844258 | 15808272 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 29404000 | 29404000 | 9975106 | 19428894 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2869227 | 1601193 | 4470420 | 4470416 | 4 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് തൊഴിലാളികളുടെ കൂലി | 0 | 101113001 | 101113001 | 101113001 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| ICDS | 1737220 | 1387582 | 3124802 | 2281000 | 843802 |
| TSC | 32588 | 204284 | 236872 | 0 | 236872 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ലൈഫ്- സ്റ്റേറ്റ് ഷെയർ | 30000 | 17700000 | 17730000 | 7460000 | 10270000 |
| ശുചിത്വ മിഷൻ ഗ്രാന്റ് | 7842567 | 0 | 7842567 | 2426100 | 5416467 |
| SGSY | 4484 | 132 | 4616 | 0 | 4616 |
| ബഡ്സ് സ്കൂൾ | 1250000 | 0 | 1250000 | 266524 | 983476 |
| ജലനിധി | 957544 | 1060013 | 2017557 | 0 | 2017557 |
| കോർപ്പസ് ഫണ്ട് | 3704761 | 13149 | 3717910 | 3717910 | 0 |
| അവാർഡ്-മട്ടുപ്പാവ് കൃഷി | 0 | 4000 | 4000 | 0 | 4000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 240 | 338690385 | 168 | 161488257 | 43 | 29 | 70% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| എം.ജി.എൻ.ആർ.ഇ.ജി.എസ് തൊഴിലാളികളുടെ കൂലി | 0 | 101113001 | 101113001 | 101113001 | 0 |

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2869227 | 1601193 | 4470420 | 4470416 | 4 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(രൂപ) |
|---|---|
| തൊഴിൽരഹിത വേതനം | 38760/- |
| കർഷകതൊഴിലാളി പെൻഷൻ | 5453200/- |
| വിധവാപെൻഷൻ | 29860600/- |
| വാർദ്ധക്യകാലപെൻഷൻ | 57799500/- |
| വികലാംഗപെൻഷൻ | 7922400/- |
| 50 വയസ്സിനുമേലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 647000/- |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 150000/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.11.2022 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4780/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു. വൗച്ചറുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിക്കുന്നുവെന്നതിന് രേഖയില്ല. നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ബാങ്ക് സ്റ്റേറ്റ്മെന്റ്, റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ കൃത്യതയോടെ മാസാവസാനം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. റീകൺസീലിയേഷനിലെ അപാകതകൾ പരിഹരിക്കുന്നതിലേയ്ക്ക് പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു

പഞ്ചായത്തിന്റെ പരിധിയിൽ കരാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്ന രീതി അനുവർത്തിച്ചിട്ടില്ല. ഈ ഇനത്തിലുള്ള വരുമാനസാദ്ധ്യതകൾകൂടി പരിശോധിക്കേണ്ടതാണ്.

ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്റർ കൂടുതൽ കൃത്യതയുള്ളതാക്കേണ്ടതാണ്.

റോഡ്കണക്റ്റിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല എന്ന അപര്യാപ്തതയും നിലനിൽക്കുന്നു.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച്, ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പദ്ധതികളിലൊന്നും വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയിട്ടില്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച്, നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിൽക്കുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20/09/2022 | 01/04/2022 – 30/06/2022 | 06/10/2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20/03/2018 | 2013-14 To 2017-18 | 20/06/2018 |

## 1-11 ലേലത്തുക ഈടാക്കാൻ അവശേഷിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ 2021-22 സാമ്പത്തിക വർഷത്തെ ലേല ഡയറി, ലേല രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ലേല അവകാശം നൽകിയ ഇനത്തിൽ തുക ഈടാക്കാൻ അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | പേര്, മേൽവിലാസം | ലേല തുക | ഈടാക്കിയ തുക (ജാമ്യത്തുക നിരതദ്രവ്യം ഉൾപ്പെടെ) | ഈടാക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|
| കുളത്തൂപ്പുഴ പബ്ലിക്ക് മാർക്കറ്റ് – ഗേറ്റ് ഫീസ് പിരിവ്, ഓപ്പൺ സ്റ്റാളുകളും വിൽപ്പനക്കായി കൊണ്ടുവരുന്ന സാധനങ്ങളും വ്യാപാരത്തിന് കൊടുക്കുകയും ചെയ്യുന്നതിനുള്ള അവകാശം | ശ്രീ അർഷാദ് റിയാസ് മൻസിൽ വലിയേല | 206000 | 51250 | 154750/- + ജി എസ് ടി |

ലേല നിബന്ധന പ്രകാരം മുൻകൂർ ഒടുക്കേണ്ട തുക കഴിച്ച് ബാക്കി തുക രണ്ട് തുല്യതവണകളായി 2021 ജൂൺ, 2021 സെപ്റ്റംബർ എന്നീ മാസങ്ങളിൽ 30-ാം തീയതിയോ അതിനുമുമ്പോ പഞ്ചായത്തിൽ ഒടുക്ക് വരുത്തേണ്ടതാണ്. എന്നാൽ നാളിതുവരെയും ലേല തുകയായ 154750/- രൂപ (ജി എസ് ടി+ ഫ്ലഡ് സെസ്സ് ഉൾപ്പെടെ) പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് തുക ഈടാക്കുന്നതിനായി RR നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്

ഓഡിറ്റ് എൻക്വയറി നം. 1/23.11.2022

## 1-12 വാടക ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 2021- 22 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ കടമുറികളുടെ വാടക കുടിശിക ഈടാക്കാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കടമുറിയുടെ നമ്പർ | വാടകക്കാരന്റെ പേര് | മാസവാടക | കുടിശ്ശിക |
|---|---|---|---|---|
| 1 | സ്റ്റാൾ നം 10 (ഓൾഡ്) | അരുൺ അനശ്വര, നെല്ലിമൂട് | 900 | 10800+GST (900*12) |
| 2 | ന്യൂസ്റ്റാൾ നം8 | അനിൽകുമാർ ഗാന്ധിഭവൻ, കുളത്തൂപ്പുഴ | 1332 | 15984+GST (1332*12) |
| 3 | 1300C സുവർണ്ണ ജൂബിലി കെട്ടിടം- | കേരളാ ബാങ്ക് | 26500 | 106000 (26500*4) |
| ആകെ | | | | 1,32,7 84/- |

വാടക കുടിശ്ശിക ഈടാക്കുന്നതിനും തുടർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിവരങ്ങൾ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ക്രമനമ്പർ 2 പ്രകാരമുള്ള വ്യക്തി മരണപ്പെട്ടെന്നും 1, 3 തുക ഈടാക്കുന്നതിനായി RR നടപടികൾ സ്വീകരിച്ചിട്ടുണ്ടെ ന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ് .

ഓഡിറ്റ് എൻക്വയറി നം. 2/25.11.2022

## 1-13 മാന്വൽ രസീത് പ്രകാരം കെട്ടിടനികുതിയിനത്തിൽ പിരിച്ചെടുത്ത തുക സഞ്ചയ സോഫ്റ്റ്‌വെയറിൽ പോസ്റ്റ് ചെയ്തിട്ടില്ല

ഗ്രാമപഞ്ചായത്തിൽ മാന്വൽ രസീത് ഉപയോഗിച്ച് കെട്ടിടനികുതി പിരിച്ചെടുത്തതിൽ 10885 നമ്പർ രസീതുകൾ പ്രകാരം കെട്ടിടനികുതി പിരിച്ചെടുത്ത് ഫ്രണ്ട് ഓഫീസിൽ ഒടുക്കിയിട്ടുണ്ടെങ്കിലും മേൽ രസീതുകൾ പ്രകാരം പിരിച്ചെടുത്ത കെട്ടിടങ്ങളുടെ കെട്ടിടനികുതി ഒടുക്കിയ സംബന്ധിച്ച പോസ്റ്റിങ്ങുകൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ നടത്തിയിട്ടില്ല. അത് പ്രസ്തുത കെട്ടിടങ്ങളുടെ നികുതി ഡിമാൻഡ് തുടർന്നും നിലനിൽക്കുന്നതിന് കാരണമാകുന്നു. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ILGMSസോഫ്റ്റ്‌വെയർ മുഖാന്തരം പോസ്റ്റിംഗ് നടത്തുമ്പോൾ ഉള്ള സാങ്കേതിക തകരാർ മൂലമാണ് പോസ്റ്റിംഗ് യഥാസമയം പൂർത്തീകരിക്കാൻ കഴിയാതെ വന്നതെന്നും ആയത് സംബന്ധിച്ച പരാതി IKM ന് സമർപ്പിച്ചിട്ടുണ്ടെന്നും IKM ന്റെ ഭാഗത്തുനിന്നും ടി തകരാറുകൾ പരിഹരിക്കുന്ന മുറയ്ക്ക് തന്നെ പോസ്റ്റിംഗ് പൂർത്തിയാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഈ തകരാറുകൾ പരിഹരിക്കുന്ന മുറയ്ക്ക് നികുതി പിരിച്ചെടുത്ത കെട്ടിടങ്ങളുടെ കളക്ഷൻ വിവരങ്ങൾ അപാകത കൂടാതെ സഞ്ചയ സോഫ്റ്റ്‌വെയറിൽ പോസ്റ്റ് ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.15/29.11.2022

## 1-14 ലൈഫ് ഭവന നിർമ്മാണ പദ്ധതി- വീടുകൾ പൂർത്തീകരിച്ചില്ല.

ലൈഫ് ഭവന പദ്ധതിയിൽ നിർവഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ യുമായി കരാറിൽ ഏർപ്പെട്ട് ആദ്യ ഗഡു തുകകൾ കൈപ്പറ്റി നാളിതുവരെ ഭവനനിർമ്മാണം ആരംഭിച്ചിട്ടില്ലാത്തവരുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്റ്റ് | ഗുണഭോക്താവിന്റെ പേര്<br>ശ്രീ /ശ്രീമതി | അനുവദിച്ച തുക ₹ | ആദ്യഗഡു അനുവദിച്ചത് | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | 2/22 ലൈഫ് ഭവന നിർമ്മാണം (ജനറൽ)<br>അടങ്കൽ- 40000000/-<br>ചെലവ്- 17180000/- | റീജ, കൊടുവിളവീട്, വാർഡ് നം.14 | 40,000/- | Chq.no-7491/3.5.19 | |
| 2 | 47/22<br>ലൈഫ് ഭവന നിർമ്മാണം<br>അടങ്കൽ- 40000000/-<br>ചെലവ്- 22560000/- | ശ്യാമള, സജയമന്ദിരം, റോസ് മല | 40000/-<br>600000/-<br>100000/- | 012428/23-7-21<br>21/30.10.21<br>0129927/30.10.21 | |

മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പുരോഗതി വിലയിരുത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതും, ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്ത സാഹചര്യത്തിൽ കരാർ വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് നാളിതുവരെ അനുവദിച്ച തുക നിയമാനുസൃതം തിരികെ ഈടാക്കേണ്ടതാണ്.

## 1-15 കന്നുകുട്ടി പരിപാലനം-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല- ചെലവ് തുക 625000 തടസ്സത്തിൽ വയ്ക്കുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ക്ഷീരകർഷകരെ ഗുണഭോക്താക്കളാക്കി വെറ്ററിനറി സർജൻ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി കാഫ് ഫീഡ് സബ്സിഡി സ്കീം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് (നം 703011400000036- ) താഴെ പറയും പ്രകാരം തുക നല്കിയിട്ടുണ്ട്.

| പ്രോജക്റ്റ് നമ്പർ | ബിൽ നമ്പർ | തുക (രൂപ) |
|---|---|---|
| 20/22 | 17/21.2.22 | 625000/- വികസനഫണ്ട് (പൊതുവിഭാഗം) |
| | ആകെ | 625000/- |

ക്ഷീരകർഷകരുടെ 4മുതൽ 7 മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്ക് സബ്സിഡി അവസാനിക്കുന്നതു വരെ പകുതി വിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കാനാണ് പദ്ധതി രൂപീകരിച്ച് തുക ഒടുക്കുവരുത്തിയത്.എന്നാൽപ്രസ്തുത തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ആയതിനാൽ വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 625000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻക്വയറിനം- 12/29.11.22

## 1-16 സർക്കാർ ഉത്തരവിന് വിരുദ്ധമായി കംമ്പ്യൂട്ടർ വാങ്ങി-ചെലവ് തുക -52000 /- തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |
| പദ്ധതി | 303/22 വെറ്റിനറി ഹോസ്പിറ്റലിലേയ്ക്ക് കംമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ തുക | 100000/-<br>വികസന ഫണ്ട് ജനറൽ |
| ചെലവ് തുക | 52000/-ബിൽ നം-28/30.3.22 |

2021-22 സാമ്പത്തിക വർഷം നടപ്പിലാക്കിയ വെറ്റിനറി ഹോസ്പിറ്റലിലേയ്ക്ക് കംമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളുംവാങ്ങൽ പദ്ധതി പ്രകാരം 52000-രൂപ ചെലവഴിച്ച് ഡെസ്ക്ക് ടോപ്പ് കംമ്പ്യൂട്ടർ വാങ്ങിയിട്ടുണ്ട്. (ഇൻവോയിസ്.നം-RJE 02660/2021-22തീയതി-23.3.22)
സർക്കാർ ഉത്തരവ് GO(RT)N0.99/2021/ITD തീയതി 23.7.21 പ്രകാരം ഡെസ്ക്ക് ടോപ്പ് കംമ്പ്യൂട്ടറുകൾക്ക് പകരം ലാപ്പ്ടോപ്പുകൾ മാത്രമേ വാങ്ങാവൂ എന്നിരിക്കെ ഡെസ്ക്ക് ടോപ്പ് കംമ്പ്യൂട്ടർ വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് പെർഫോമ ഇൻവോയിസ് ആവശ്യപ്പെട്ട ഘട്ടത്തിൽ ലാപ്പ് ടോപ്പ് കംമ്പ്യൂട്ടർ ലഭ്യമായിരുന്നില്ല എന്നും പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടിയാണ് ഡെസ്ക്ക്ടോപ്പ് കംമ്പ്യൂട്ടർ വാങ്ങുന്ന നടപടി സ്വീകരിച്ചത് എന്നും മറുപടി ലഭ്യമാക്കി.സർക്കാർ ഉത്തരവിന് വിരുദ്ധമായി വാങ്ങൽ നടത്തിയത് ഓഡിറ്റിൽ അംഗീകരിയ്ക്കുന്നില്ല,ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു.
തടസ്സപ്പെടുത്തുന്ന തുക - 52000/- രൂപ
ഓഡിറ്റ് എൻക്വയറി നം. 11/16-11-2022

## 1-17 വീട് വാസയോഗ്യമാക്കൽ - പണി പൂർത്തിയാക്കിയിട്ടില്ല-ചെലവ് തുക 100000/-തടസ്സത്തിൽ വയ്ക്കുന്നു.

വി.ഇ.ഒനിർവഹണ ഉദ്യോഗസ്ഥനായ വിവിധ വീട് വാസയോഗ്യമാക്കൽ പദ്ധതികളിലൂടെ വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിന് താഴെ പറയുന്ന ഗുണഭോക്താക്കൾ ആദ്യ ഗഡു കൈപ്പറ്റിയെങ്കിലും നാളിതുവരെ പണി പൂർത്തീകരിച്ച് വാല്യുവേഷൻ പ്രകാരം അവസാന ഗഡു കൈപ്പറ്റിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് നമ്പർ | പേര് | എഗ്രിമെൻറ് വച്ച തീയതി- | തുക നൽകിയ വിവരം (ബിൽ നം./തീയതി) |
|---|---|---|---|---|
| 1 | 161/21-22<br>പ്രോജക്ട് – ഭവന പുനരുദ്ധാരണം (ജനറൽ)<br>അടങ്കൽ – 800000/-<br>(വികസന ഫണ്ട്, )<br>ചെലവ്- 750000/- | ഷാജഹാൻ, കുഴിവിള പുത്തൻ വീട്.<br>വലിയേല. വാർഡ്-16 | എഗ്രിമെൻറ് വച്ച തീയതി-15-3-21 | 50000/-<br>5/15-6-21 |

| | | | | |
|---|---|---|---|---|
| 2 | പ്രോജക്റ്റ് നമ്പർ –65<br>ഭവന പുനരുദ്ധാരണം (ജനറൽ)<br>അടങ്കൽ – 6000000/-<br>ചെലവ് - 5950000/- | സുധീന ചാവരുകാവിൽ വീട്,<br>നെല്ലിമൂട്. | എഗ്രിമെൻ്റ് വച്ച തീയതി-10.11.21 | 50,000/-<br>41/12.12.21 |
| | ആകെ | | | 100,000/- |

അപാകതയ്ക്ക്മേൽ വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പ്രസ്തുത ഗുണഭോക്താക്കൾക്ക് പണി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് വി.ഇ.ഒ മറുപടി നൽകി. പണി പൂർത്തീകരിച്ച്, വാല്യുവേഷൻ പ്രകാരം ബാക്കി തുക നൽകുകയോ, അല്ലാത്തപക്ഷം നൽകിയ തുക കരാർ പ്രകാരം തിരികെ ഈടാക്കുകയോ ചെയ്ത് വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക - 1,00,000/- രൂപ
ഓഡിറ്റ് എൻക്വയറി നം. 13/29-11-22

## 1-18 എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി- നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറി പദ്ധതി പ്രകാരം പഠനമുറി നിർമ്മാണത്തിനായി നിർവ്വഹണോദ്യോഗസ്ഥനായ അസി. സെക്രട്ടറി ആനുകൂല്യം നൽകിയ ഗുണഭോക്താക്കളിൽ 2 പേർ നാളിതുവരെ പഠനമുറി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. പഠനമുറി പൂർത്തീകരിക്കുന്നതിനായി ഒരു ഗുണഭോക്താവിന് രണ്ട് ലക്ഷം രൂപയാണ് പദ്ധതി ആനുകൂല്യം അനുവദിക്കുന്നത്.

തുകകൾ കൈപ്പറ്റി നാളിതുവരെ പഠനമുറി പൂർത്തീകരിക്കാത്തവരുടെ വിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താവിൻ്റെ പേര് വിവരം | പഠനമുറിയ്ക്കായി കൈപ്പറ്റിയതുകയുടെ വിവരം | റിമാർക്സ് |
|---|---|---|
| ലതിക, പുറംമ്പോക്കിൽ വീട്, അരിപ്പ | 50,000/- ട്രഷറി ബിൽ-16/31.1.22<br>75,000/- ട്രഷറി ബിൽ ഐഡി-220470000000746/20.4.22 | പഠനമുറി പൂർത്തീകരിച്ചിട്ടില്ല. |
| അനിത. ആർ, തടത്തരികത്ത് വീട്, ചെമ്പനഴികം | 50,000/- ട്രഷറി ബിൽ-14/ 12.1.22<br>75,000/- ട്രഷറി ബിൽ ഐഡി-220470000000746/20.4.22 | “ |

പഠനമുറി പൂർത്തീകരിപ്പിക്കാൻ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യാമാക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് മേൽ ഗുണഭോക്താക്കൾ ഉടൻതന്നെ പണി പൂർത്തീകരിക്കുന്നതാണെന്നും എ.ഇ യുടെ വാല്യുവേഷൻ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പണി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 3/17.10.22

## 1-19 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ പ്രവൃത്തികളിൽ ജി.എസ്.റ്റി. 2% റ്റി.ഡി.എസ് ആയി കുറവ് ചെയ്തിട്ടില്ല

2017 ലെ സെൻട്രൽ ഗുഡ്സ് ആൻ്റ് സർവീസസ് ടാക്സ് ആക്റ്റിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിൻ്റെ Central Board Of Indirect Taxes And Customs ൻ്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിൻ്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2,50,000/-രൂപയിൽ കൂടുതലായി കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. 30.07.2019 ലെ സർക്കുലർ നം 957/ഇ ജി എസ് സി /16/ആർ ഇ ജി എസ് പ്രകാരം തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ കരാർ തുക 2.5 ലക്ഷത്തിനുമേൽ കൂടുതലാണെങ്കിൽ ജി.എസ്.ടി. 2% ഉറവിടത്തിൽ കുറവ് ചെയ്യണമെന്ന് നിർദ്ദേശമുണ്ട്. 2021-2022 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ കൊടുത്തിട്ടുള്ള പ്രവൃത്തികളിൽ ഇപ്രകാരം 2% ജി.എസ്.റ്റി. , റ്റി.ഡി.എസ് ആയി ഈടാക്കിയിട്ടില്ല. വിശദാംശം

താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | റ്റി.ഡി.എസ്. ആയി ഈടാക്കേണ്ടിയിരുന്ന ജി.എസ്.റ്റി. (2%) (₹) |
|---|---|---|
| 1 | സോസൈറ്റി<br>റോഡ് കോൺക്രീറ്റിംഗ്<br>WC – RC/341247<br>കോൺട്രാക്ടർ – ജാഫർ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക --377654രൂപ | 7553 |
| 2 | ആശാരിക്കോണം ടവർ<br>റോഡ് കോൺക്രീറ്റിംഗ്<br>WC – RC/322838<br>കോൺട്രാക്ടർ – ജാഫർ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക -326100/-രൂപ | 6522 |
| 3 | എ.കെ റോഡ് മുതൽ രമേശ് പടിയ്ക്കൽ വരെ റോഡ് കോൺക്രീറ്റിംഗ്<br>WC – RC/344310<br>കോൺട്രാക്ടർ –ജാഫർ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക – 245741-രൂപ | 4914 |
| 4 | വട്ടക്കരിക്കം പാറവിളക്കോണം<br>റോഡ് കോൺക്രീറ്റിംഗ്<br>WC – RC/344271<br>കോൺട്രാക്ടർ – ജാഫർ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക – 402848/-രൂപ | 8056 |
| 5 | മാർത്താണ്ടൻ കര ജോൺസൺ പടിയ്ക്ക്കൽ റോഡ് കോൺക്രീറ്റിംഗ്<br>WC – RC/344773<br>കോൺട്രാക്ടർ – ജാഫർ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക – 384695/-രൂപ | 7693 |
| 6 | ക്രിസ്ത്യൻ പള്ളി മുതൽ വയലിറക്കം വരെ<br>റോഡ് കോൺക്രീറ്റിംഗ്<br>WC – RC/344403<br>കോൺട്രാക്ടർ -ജാഫർ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക -271048/-രൂപ | 5420 |

30.07.2019-ലെ 957/ഇ.ജി.എസ്.-സി/16/ആർ.ഇ.ജി.എസ് നമ്പർ സർക്കുലർ പ്രകാരം ജി.എസ്.റ്റി. കുറവ് ചെയ്യുന്നതിനുള്ള സൗകര്യം എം.ഐ.എസിൽ ലഭിക്കുന്നത് വരെ ജി.എസ്.റ്റി. തുക സപ്ലൈയർ ഗ്രാമപഞ്ചായത്തിൽ നേരിട്ടടക്കണമെന്നുറപ്പാക്കി ബിൽ സെറ്റിൽ ചെയ്യണമെന്നും അങ്ങനെ അടക്കുന്ന ജി.എസ്.റ്റി തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജി.എസ്.റ്റി. വകുപ്പിൽ യഥാസമയം അടവാക്കണമെന്നും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

ഓഡിറ്റ് എൻക്വയറി നം - 18/29.11.22

## 1-20 ദേശീയ തൊഴിലുറപ്പ് പദ്ധതി-അവലോകനം

2021-2022 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ 4592 കുടുംബങ്ങൾക്കായി തൊഴിൽ നൽകിയ ആകെ മനുഷ്യദിനങ്ങൾ 327549 ആണ്. ഇതിൽ 100 ദിനങ്ങൾ പൂർത്തിയാക്കിയ 1811 കുടുംബങ്ങൾ ഉൾപ്പെടുന്നു. ആകെ 101049467/- രൂപയുടെ ചെലവ്, ഭൂവികസനം, ലൈഫ് ഭവന നിർമ്മാണം, മണ്ണ് ജല

സംരക്ഷണ പ്രവൃത്തികൾ എന്നിവയ്ക്കായാണ് മുഖ്യമായും വിനിയോഗിച്ചത്.

രേഖകളുടെ പരിശോധന- ഓഡിറ്റ് നിരീക്ഷണങ്ങൾ

1. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കാതെ ഡീറ്റെയിൽഡ് എസ്റ്റിമെറ്റ് തയ്യാറാക്കുന്നു.

2. വസ്തുക്കളുടെ ആകെ വിസ്തൃതിയിൽ (കരം രസീത് പ്രകാരം) നിന്നും പ്രവൃത്തി നടത്തിയ വിസ്തൃതിയുടെ വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല

3. നടത്തിയ പ്രവൃത്തികളുടെ വിവരം ഇനം തിരിച്ച് ഭ്രവുടമസ്ഥർ/ ബന്ധപ്പെട്ട മേറ്റുമാർ സാക്ഷ്യപ്പെടുത്തുന്നില്ല.

4. പ്രവൃത്തികളുടെ അന്തിമ മൂല്യനിർണ്ണയത്തിന് അടിസ്ഥാനമാക്കിയ അളവുകൾ തെളിയിക്കുന്ന രേഖകൾ ഇല്ല.

5. ലൈഫ് ഭവനം, റോഡ് നിർമ്മാണം, കിണർ, തൊഴുത്ത് നിർമ്മാണം, ആട്ടിൻക്കൂട് നിർമ്മാണം എന്നീ മെറ്റീരിയൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട എല്ലാ പ്രോജക്ട് ഫയലുകളിലും തൊഴിലുറപ്പ് തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന ഫോട്ടോകൾ പരിമിതമാണ്. അതിനാൽ മസ്റ്റർ റോളുകളുടെ കൃത്യത ,സുതാര്യത എന്നിവ ഉറപ്പാക്കുന്നതിന് പ്രാപ്തമല്ല.

പ്രവൃത്തിയുടെ ഫോട്ടൊകൾ കൃത്യമായി ഫയലിൽ ഉൾപ്പെടുത്താത്തതിനാൽ, പ്രോജക്ട് യോഗങ്ങൾ നടത്തിയതിന്റെയും, പ്രവൃത്തി സൈറ്റുകളിൽ ബോർഡ് സ്ഥാപിച്ചത് ഉറപ്പാക്കുന്നതിനും, പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിനും സാധിക്കുന്നില്ല.

6. സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ പരിമിതമായതിനാൽ, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തമല്ല.

## 1-21 തെരുവ് വിളക്ക് സ്ഥാപിക്കൽ (58/22), ക്രമപ്രകാരമല്ലാതെ ഉയർന്ന നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചു.

തെരുവ് വിളക്ക് സ്ഥാപിക്കൽ (58/22), ക്രമപ്രകാരമല്ലാതെ ഉയർന്ന നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ച ഇതു കാരണം 1,29,750/- രൂപ ഗ്രാമ പഞ്ചായത്തിന് അധികം ചെലവഴിക്കേണ്ടതായി വന്നു. (വിശദവിവരത്തിന് ഖണ്ഡിക 3-1 കാണുക)

## 1-22 പൂർത്തീകരണ /വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ സ്ഥാപനങ്ങളിൽ ഒടുക്കുവരുത്തിയിട്ടുള്ള തുക കളുടെ പൂർത്തീകരണ /വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ. നം | പ്രോജക്ട് | തുക സ്വീകരിച്ച സ്ഥാപനം | തുക | ബിൽ /ചെക്ക് നം |
|---|---|---|---|---|
| 1 | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ (268/22)<br>അടങ്കൽ തുക - 7,75,000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | കെ എസ് ഇ ബി ഇല. സെക്ഷൻ, കുളത്തൂപ്പുഴ | 7,67,000/- | എസിആർ ബിൽനം 557, തീ.14-03-2022 |
| 2 | ജലനിധി വിഹിതം നല്കൽ (170/22)<br>അടങ്കൽ തുക - 391000/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | പഞ്ചായത്ത് ആക്ടിവിറ്റി കമ്മറ്റി, ജലനിധി, കുളത്തൂപ്പുഴ ഗ്രാമ പഞ്ചായത്ത് | 2,01,489/- | എസിആർ ബിൽനം 389, തീ.31-01-2022 |
| | | ആകെ | 9,68,489/- | |

പൂർത്തീകരണ/വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 9,68,489/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക - 9,68,489/- രൂപ

ഓഡിറ്റ് അന്വേഷണം - 10/29-11-2022

1-23 മൈക്ക് അനൗൺസ്മെൻറ് ചാർജ്ജ്, 2 തവണ നല്കി

പ്രോജക്ട് - കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളും അനുബന്ധ ചെലവുകളും

അടങ്കൽ തുക – 4500000/- (തനതുഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ടി പ്രോജക്ടിൽ ഉൾപ്പെടുത്തി കോവിഡ് 19 രണ്ടാംഘട്ട വ്യാപനത്തിൻറെ പശ്ചാത്തലത്തിൽ പൊതുജനങ്ങൾക്ക് മുന്നറിയിപ്പ്, ബോധവല്കരണം എന്നിവ 16-05-21 ൽ നടത്തിയതിന് ശ്രീ. അൻഷാദിന് മൈക്ക് അനൗൺസ്മെന്റ് ചാർജ്ജ്, മൈക്ക് സെറ്റ് വാടക, വാഹനവാടക എന്നിവ ഉൾപ്പെടെ 6100/- രൂപ ചെക്ക് നം. 2011200, തീയതി 19-05-21 പ്രകാരം നല്കി. വീണ്ടും 15-05-21, 16-05-21, 17-05-21 എന്നീ ദിവസങ്ങളിൽ ഇതേ ആവശ്യത്തിനായി ടിയാന് 17895/- രൂപ നല്കി (ചെക്ക് നം. 201207, തീ. 26-05-2021). 16-05-21 ൽ മൈക്ക് അനൗൺസ്മെൻറ് നടത്തിയതിന് 2 തവണ തുക നല്കിയിട്ടുള്ളതിനാൽ അധികമായി നല്കിയ 6100/- രൂപാ നിരാകരിക്കുന്നു. ടി തുക തിരികെ ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

നിരാകരണം - 6100/- രൂപ

ഓഡിറ്റ് അന്വേഷണം - 10/29-11-2022

1-24 ഗ്രാമ പഞ്ചായത്ത് ലൈബ്രറി നവീകരണം ,നിർവ്വഹണ ഏജൻസിക്ക് അധികം തുക നല്കി

പ്രോജക്ട് – ഗ്രാമപഞ്ചായത്ത് ലൈബ്രറി നവീകരണം (102/22)

അടങ്കൽ തുക - 1700000/- ( വികസന ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

നിർവ്വഹണ ഏജൻസി – ആർട്ടിസാൻസ് ഡെവലപ്മെൻറ് കോ ഓപറേറ്റീവ് ലിമിറ്റഡ് (ആർട്ട്കോ)

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് 59.365 ച.മീ RMP - MARINEPLYWOOD ഉപയോഗിച്ച് റാക്ക് നിർമ്മിച്ചതിന് 17177/ച.മീ പ്രകാരം 18% ജിഎസ് ടി ഉൾപ്പെടെ 1203160/- രൂപ (59.36x 17177 = 1019627 + GST 18% 183533 = 1203160 ) ആർട്ട്കോയ്ക്ക് നല്കി (ബിൽ നം-25 തീ 23-03-2022) എന്നാൽ ഗവ. ഉത്തരവ് (സാധാ)1/2021/SPD, 05-01-2021, ഗവ. ഉത്തരവ് (സാധാ)4/2018/SPD, 02-02-2018 എന്നിവപ്രകാരം അനുവദനീയമായ നിരക്ക് 17117/ച.മീ ആണ്. ഇതുപ്രകാരം 18% ജിഎസ് ടി ഉൾപ്പെടെ നല്കേണ്ട തുക 1198957/- രൂപയാണ് (59.36 X 17117 = 1016065 + GST 18% 182892 = 1198957). അധികമായി 4203/- രൂപ (1203160 - 1198957 = 4203) നല്കി. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.
നിരാകരണം – 4203/- രൂപ

ഓഡിറ്റ് അന്വേഷണം – 10/29-11-2022

1-25 രവീന്ദ്രൻ മാസ്റ്റർ സ്മാരക നിർമ്മാണം (274 / 20) പുനർനിർമ്മാണവും സമയബന്ധിതമായി നടക്കുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥ - അസി. എഞ്ചിനീയർ

അടങ്കൽ തുക -

| | |
|---|---|
| തനതുഫണ്ട് | 5000000/- |
| എം എൽ എ ഫണ്ട് | 4000000/- |
| ആകെ | 9000000/- |

അതുല്യ സംഗീത പ്രതിഭയായ രവീന്ദ്രൻ മാസ്റ്ററുടെ ജന്മനാടായ കുളത്തൂപ്പുഴയിൽ അദ്ദേഹത്തിൻറെ സ്മരണ നിലനിർത്തുന്നതിനായി 2009-10 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച രാഗസരോവരം എന്ന സ്മാരക മന്ദിരത്തിൻറെ നിലച്ചുപോയ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനായി ആരംഭിച്ച പ്രോജക്ടാണ് രവീന്ദ്രൻ മാസ്റ്റർ സ്മാരക നിർമ്മാണം. സ.ഉ.(സാധാ)നം.272/2020/തസ്വഭവ, 01-02-2020 പ്രകാരം രവീന്ദ്രൻ

മാസ്റ്റർ സ്മാരകമായ രാഗസരോവരം പൂർത്തീകരിക്കുന്നതിനുള്ള നിർമ്മാണത്തിൻറെ ചുമതല ശ്രീ രാജീവ് അഞ്ചലിന് നല്കുവാൻ അനുമതി നല്കി. ടി ഉത്തരവിൽ "നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി ചട്ടപ്രകാരം നടക്കുന്നുവെന്ന് ഗ്രാമ പഞ്ചായത്ത് അധികൃതർ ഉറപ്പാക്കേണ്ടതാണെന്നും" നിർദ്ദേശിച്ചിട്ടുണ്ട്.

രാഗസരോവരം നിർമ്മിക്കുന്നതിന് എം എൽ എ യുടെ ആസ്തിവികസന പദ്ധതിയുടെ മാർഗനിർദ്ദേശങ്ങളിൽ ഇളവുവരുത്തി സ.ഉ.(സാധാ)നം.6902/2017ധനം. തീ 07-09-2017 പ്രകാരം ഉത്തരവുണ്ടാകുകയും, കൊല്ലം ജില്ലാ കളക്ടറുടെ ഡി6/2240/2018 എംഎൽഎഎഡിഎസ് നടപടിക്രമപ്രകാരം 40 ലക്ഷം രൂപ അസി. എഞ്ചിനീയർ കുളത്തൂപ്പുഴയുടെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ രാജീവ് അഞ്ചലും, ഗ്രാമ പഞ്ചായത്ത് അസി എഞ്ചിനീയറും തമ്മിൽ 27-08-2020 ൽ 18/AE/LSGD /KPA/20-21 ആയി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കരാറിലെ വ്യവസ്ഥ 18 പ്രകാരം 2021 ആഗസ്റ്റ് മാസം 1 തീയതിക്കകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ നാളിതുവരെ (30-11-2022) നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

കൂടാതെ കരാറിലെ വ്യവസ്ഥ 13 പ്രകാരം നോട്ടീസ്ബോർഡിൽ പ്രവൃത്തി ആരംഭിക്കുന്ന തീയതിമുതൽ എല്ലാ പ്രധാനപ്പെട്ട സാങ്കേതിക സാമ്പത്തിക കാര്യങ്ങളും പ്രദർശിപ്പിക്കേണ്ടതിന് ശില്പിക്ക് ബാദ്ധ്യത ഉണ്ടായിരിക്കും. എന്നാൽ നിർമ്മാണ സ്ഥലത്ത് അപ്രകാരം നോട്ടീസ് ബോർഡ് പ്രദർശിപ്പിച്ചിട്ടില്ല.

2021-22 സാമ്പത്തിക വർഷം ടി സ്മാരക നിർമ്മാണത്തിനായി 9,59,375 രൂപാ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. നിർമ്മാണപുരോഗതി സംബന്ധിച്ച് 28-11-2022 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 8) സാധന സാമഗ്രികളുടെ ലഭ്യതക്കുറവും, കോവിഡ് പ്രതിസന്ധിയും മൂലം യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് മറുപടി ലഭ്യമാക്കി.

മലയാളത്തിൻറെ മഹാകവി ഒ.എൻ.വി കുറുപ്പ്, "രാഗസരോവരം" എന്ന് നാമകരണം ചെയ്ത സംഗീത കുലപതി രവീന്ദ്രൻ മാസ്റ്ററുടെ സ്മാരകം അദ്ദേഹത്തിന്റെ ജന്മനാട്ടിൽ യാഥാർത്ഥ്യമാകാൻ സമയബന്ധിതമായി നിർമ്മാണപ്രവൃത്തികൾ പൂർത്തിയാക്കേണ്ടതാണ്. ഇക്കാര്യത്തിൽ പഞ്ചായത്ത് കമ്മറ്റിയുടെ അടിയന്തിര ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം – 8/28-11-2022

## 1-26 ഇ ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില അസി. എഞ്ചിനീയറുടെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

ഇ ടെണ്ടർ ചെയ്യുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറവില കുളത്തൂപ്പുഴ ഗ്രാമ പഞ്ചായത്ത് അസി. എഞ്ചിനീയറുടെ എസ്.ബി.ഐ കുളത്തൂപ്പുഴ ശാഖയിലെ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യുന്നത്. ടി അക്കൗണ്ടിൽ ലഭ്യമാക്കിയ സ്റ്റേറ്റ്മെൻറ് പ്രകാരം 24-09-2022 വരെ 350146/- രൂപ നീക്കിയിരുപ്പുണ്ട്. ടി തുക ഗ്രാമ പഞ്ചായത്തിൻറെ തനത് വരുമാനമാണ്. ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## 1-27 പൂർത്തീകരിച്ച പ്രവൃത്തിയുടെ തുക നല്കിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രവൃത്തി - വട്ടമൺപണ പൂവണത്തുംമൂട് അംഗനവാടി വൈദ്യുതീകരണം (210/22)

അടങ്കൽ തുക – 130000/- (വികസനഫണ്ട്)

കരാറുകാരൻ - ശ്രീ. പി. രാജേഷ് കുമാർ (24.12% കുറഞ്ഞ നിരക്ക്)

കരാർ- എ 4-963/22 തീ 05-03-2022

വട്ടമൺപണ ,പൂവണത്തുംമൂട് എന്നീ അംഗനവാടികളുടെ വൈദ്യുതീകരണത്തിനായി താഴെ കൊടുത്തിരിക്കുംപ്രകാരം 57300 രൂപയുടെ വീതംഎസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം ലഭിച്ചിട്ടുള്ളതാണ്.

| | |
|---|---|
| എസ്റ്റിമേറ്റ് തുക | 49362 |
| ജിഎസ്ടി 12% | 5923 |
| എസ്റ്റി. തയ്യാറാക്കൽ 3% | 1481 |

| | |
|---|---|
| ചെക്ക് മെഷർമെൻറ് ചാർജ്ജ് 1% | 494 |
| എൽ. എസ് | 40 |
| ആകെ | 57300 |

വട്ടമൺപണ അംഗനവാടി, പൂവണത്തുംമൂട് അംഗനവാടി എന്നിവയുടെ വൈദ്യുതീകരണത്തിനായി ആകെ എസ്റ്റിമേറ്റ് തുക 2 X 57300 = 114600/- രൂപയാണ്. ടി പ്രവൃത്തി ടെണ്ടർ ചെയ്യുകയും ശ്രീ. പി. രാജേഷ് കുമാറിന്റെ 24.12% കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ച് കരാർവച്ച് പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. ടി പ്രവൃത്തിയുടെ ബില്ല്, അളവുപുസ്തകം എന്നിവ ആവശ്യമായ രേഖപ്പെടുത്തലുകളും, സാക്ഷ്യപ്പെടുത്തലുകളും വരുത്തി ബിൽ തുക നല്കുന്നതിനായി സെക്രട്ടറിക്ക് കൈമാറി. വട്ടമൺപണ അംഗനവാടിയുടെ പ്രവൃത്തിമൂല്യം 47122/- രൂപയും, പൂവണത്തുംമൂട് അംഗനവാടിയുടെ പ്രവൃത്തിമൂല്യം 47764/- രൂപയും ആണ്. എന്നാൽ ഇതിൽ ഒരു പ്രവൃത്തിയുടെ തുക മാത്രമേ കരാറുകാരന് നല്കിയിട്ടുള്ളൂ. നല്കിയ തുക 45924/- രൂപ (39, തീ.30-03-2022). മതിയായ തുക ഉണ്ടായിരുന്നിട്ടും കരാറുകാരന് തുക നല്കാതിരുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 28-11-2022 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം-7) ബാക്കി തുക നൽകുന്നതിന് പുതിയ പ്രോജക്ട് രൂപീകരിച്ച് കരാറുകാരന് അനുവദനീയമായ തുക നല്കുന്നതാണെന്ന് മറുപടി നല്കി.കരാറുകാരന് ക്രമപ്രകാരം നല്കേണ്ട തുക നല്കി വിശദവിവരം ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം - 07/28-11-2022

## 1-28 ഹോംകോയിൽ നിന്നും മരുന്ന ലഭിച്ചില്ല.

ഹോംകോയിൽ നിന്നും മരുന്ന ലഭിച്ചില്ല.

പ്രോജക്ട് നം. 97/22

അടങ്കൽ – 100000/- (മെയിന്റനൻസ് ഫണ്ട് -റോഡിതരം)

ചെലവുതുക - 100000/- (ബിൽ നം. 363/20.1.22(ACR))

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മരുന്ന വാങ്ങൽ പ്രോജക്ട് പ്രകാരം 100000/- രൂപ മുൻകൂറായി ഹോംകോയ്ക്ക് നൽകിയതിൽ 58419/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന 41581/- രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടിവിവരം ഓഡിറ്റിൽ അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 41581/- രൂപ തടസ്സപ്പെടുത്തുന്നു. മരുന്ന ലഭ്യമാകുന്ന മുറയ്ക്ക് ആയത് സ്റ്റോക്കിലെടുത്ത് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം. 6/28.11.22

## 1-29 സാക്ഷരതാ തുല്യതാപഠന സഹായം-രേഖകൾ ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട്നം - 114/2022 .

അടങ്കൽ – 2,00,000/- (വികസന ഫണ്ട്)

ചെലവ് - 20,350/- ( ബിൽ നം. 1/21-22/16.3.22)

112500/- (ബിൽ നം. 2/21-22/16.3.22)

ഹെഡ്മിസ്ട്രസ്സ് നിർവ്വഹണം നടത്തിയ പദ്ധതി പ്രകാരം ഹയർസെക്കന്ററി വിഭാഗത്തിൽ (ഒന്നാം വർഷം) 23 പേർക്കായി 2,500/- രൂപ നിരക്കിൽ 57,500/- രൂപയും ഹയർ സെക്കന്ററി വിഭാഗത്തിൽ (രണ്ടാം വർഷം) 25 പഠിതാക്കൾക്ക് 2,200/- രൂപ നിരക്കിൽ 55,000/- രൂപയും പത്താംതര തുല്യതയ്ക്കായി 11 പേർക്കായി 1,850/- രൂപ നിരക്കിൽ 20,350/-രൂപയും ചേർത്ത് ആകെ 1,32,850/-രൂപ സാക്ഷരതാ മിഷന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. ടി പഠിതാക്കളിൽ 18 പേരുടെ (പത്താംതരം-1, ഹയർ സെക്കന്ററി (ഒന്നാം വർഷം)- 11, ഹയർസെക്കന്ററി (രണ്ടാം വർഷം)-6) രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ, കോഴ്സ് പൂർത്തീകരിച്ചതിന്റെ രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ടി

പഠിതാക്കൾക്ക് വിവിധ കാരണങ്ങളാൽ പരീക്ഷ എഴുതാൻ സാധിച്ചിട്ടില്ല എന്ന് മറുപടി ലഭ്യമാക്കി. രേഖകളുടെ അഭാവത്തിൽ 42,550/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 4/26.11.22

തടസ്സം- 42,550/- രൂപ

## 1-30 പാലിയേറ്റീവ് കെയർ പദ്ധതി-രേഖകളുടെ അഭാവത്തിൽ 1120643/- രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്ട്നം. 32/22
അടങ്കൽ – 15,00,000/-

ചെലവ്: 13,99,193/-

നിർവ്വഹണഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ,സി.എച്ച്.സി
1. പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം ഹോം കെയറിനായി വാഹനം ഓടിയ ഇനത്തിൽ ശ്രീമതി. മറിയാമ്മ ബാബു, കുന്നേൽ പുത്തൻവീട് എന്നയാൾക്ക് തൻവർഷം 1,92,720/- രൂപ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| നൽകിയ തുക | ബിൽ നം./തീയതി | മാസം/ഓടിയ ദിവസം |
|---|---|---|
| 10620/- | 1/16.6,21 | 3/21, 9 ദിവസം |
| 14800/- | 2/16.6.21 | 4/21, 16 ദിവസം |
| 14800/- | 3/16.6.21 | 5/21, 16 ദിവസം |
| 16600/- | 5/16.6.21 | 6/21, 18 ദിവസം |
| 15700/- | 6/10.8.21 | വൌച്ചർ ഹാജരാക്കിയിട്ടില്ല |
| 14800/- | 7/17.9.21 | 8/21, 16 ദിവസം |
| 16600/- | 8/19.11.21 | 9/21, 18 ദിവസം |
| 14800/- | 9/19.11.21 | 10/21, 16 ദിവസം |
| 14800/- | 10/16.12.21 | 11/21, 16 ദിവസം |
| 14800/- | 11/15.2.22 | 12/21, 16 ദിവസം |
| 14800/- | 12/15.2.22 | 1/22, 16 ദിവസം |
| 14800/- | 13/17.3.22 | 2/22, 16 ദിവസം |
| 14800/- | 14/31.3.22 | 3/22, 16 ദിവസം |

എന്നാൽ വാഹനത്തിന്റെ ട്രിപ്പ്ഷീറ്റ്, ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. വ്യത്യസ്തമായ നിരക്കിലാണ് വാടക നൽകിയിട്ടുള്ളത്. രേഖകൾ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ വാഹനവാടകയിനത്തിൽ ചെലവഴിച്ച 1,92,720/- രൂപ തടസ്സപ്പെടുത്തുന്നു.

2. പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി ബിൽ നം: 4/16.6.21 പ്രകാരം 9,27,923/- രൂപ KMSCLന് മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും മരുന്നുകളും ഉപകരണങ്ങളും നാളിതുവരെ ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ അറിയിക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ടിയിനത്തിൽ ചെലവഴിച്ച 9,27,923/- രൂപ തടസ്സപ്പെടുത്തുന്നു. മരുന്നുകളും ഉപകരണങ്ങളും ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

എൻക്വയറി നം. 5/26.11.22

തടസ്സപ്പെടുത്തുന്ന തുക - 11,20,643/- രൂപ

## 1-31 ഉപയോഗക്രമത്തിനനുസരിച്ച് കെട്ടിടഭാഗങ്ങളുടെ നികുതി നിർണയിക്കുന്നില്ല

കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തിലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് അനുവദിച്ചത് പരിശോധിച്ചതിൽ ശ്രീ. സോനു, പൊയ്കവിള വീട് മടത്തറ 106ച. മീറ്ററുള്ള ഗോഡൗൺ (A10/4717/21/13.04.2021) വാണിജ്യാടിസ്ഥാനത്തിലുള്ള 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ റസ്റ്റോറൻറ് ഷോപ്പുകൾ ഗോഡൗൺ എന്ന ഉപയോഗക്രമം അനുസരിച്ചുള്ള അടിസ്ഥാന വസ്തു നികുതി നിരക്കുകൾ ബാധകമാക്കി വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടനമ്പർ17/623 | സഞ്ചയ പ്രകാരം കണക്കാക്കിയ വസ്തുനികുതി Rs.30/m2 | ഈടാക്കേണ്ടിയിരുന്ന വസ്തു നികുതി Rs.60/m2 |
|---|---|---|
| അടിസ്ഥാന വസ്തുനികുതി | 106*30=3180 | 106*60=6360 |
| മേൽക്കൂര ഇളവ് 10% | 318/- | 636/- |
| വഴിസൗകര്യത്തിന്മേലുള്ള വർദ്ധനവ് 20% | 636/- | 1272 |
| 5%LC | 175/- | 350 |
| ആകെ | 3673/- | 7346 |
| വ്യത്യാസം 7346 – 3673 = 3673/- | | |

കൃത്യമായ ഗണത്തിൽപ്പെടുത്തി വസ്തുനികുതി നിർണ്ണയം നടത്താത്തത് മൂലം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടി കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണ്ണയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാണിജ്യാവശ്യത്തിനുള്ള 100m$^2$ന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ എന്ന ഗണത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയത്തിലെ കുറവ് മൂലം പഞ്ചായത്തിനുണ്ടായ നഷ്ടം 3,673/- രൂപ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതും പ്രസ്തുത കാലയളവിലെ വസ്തുനികുതി പുനർ നിർണ്ണയിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് രേഖകൾ ഹാജരാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം . 3/25.11.2022

## 1-32 ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല

2021-22 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1- ജീവനക്കാരുടെ തൊഴിൽ നികുതി

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ഫോറസ്റ്റ് റേഞ്ച് ഓഫീസ്, കുളത്തൂപ്പുഴ | II |
| 2 | സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, | II |
| 3 | സെൻട്രൽ നഴ്സറി റേഞ്ച്, കുളത്തൂപ്പുഴ | II |
| 4 | റേഞ്ച് ഫോറസ്റ്റ് ഓഫീസ്, തെൻമല | II |
| 5 | ഗവൺമെൻറ് UPS റോസ്മല | II |
| 6 | ഡി ഡി ആർ സി, എസ് ആർ എൽ ഡയഗനോസ്റ്റിക്സ് ലി. | II |
| 7 | ഐ സി എൽ ഫിൻകോർപ്പ് | II |

2- സ്ഥാപന തൊഴിൽ നികുതി

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|

| | | |
|---|---|---|
| 1 | റെപ്കോബാങ്ക് | II |
| 2 | കെ എസ് എഫ് ഇ | I , II |
| 3 | സപ്ലൈകോ സൂപ്പർമാർക്കറ്റ് | I , II |
| 4 | ഭാരതി നഴ്സിംഗ് ഹോം | I , II |
| 5 | സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ | II |
| 6 | ചെമ്മണ്ണൂർ ക്രെഡിറ്റ് & ഇൻവസ്റ്റ്മെന്റ് | II |
| 7 | ഡി ഡി ആർ സി എസ് ആർ എൽ ഡയഗനോസ്റ്റിക്സ് ലി. | I , II |
| 8 | ഐ സി എൽ ഫിൻകോർപ്പ് | II |
| 9 | ഹോട്ടൽ മീനാക്ഷി, ഇ എസ് എം കോളനി | I , II |
| 10 | കെ എസ് ഇ ബി | I , II |

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരു സ്ഥാപനം/വ്യക്തിയുടെ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണെന്നിരിക്കെ മേൽ ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.ജീവനക്കാരുടെ തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഈടാക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ച്. തുക ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 16/29.11.2022

## 1-33 റീകൺസീലിയേഷൻ - അപാകതകൾ

1) ഡെപ്പോസിറ്റ് ചെയ്ത ചെക്കുകൾ ക്രഡിറ്റായിട്ടുണ്ടെങ്കിലും ക്രഡിറ്റ് ആയില്ലെന്ന് രേഖപ്പെടുത്തി പൊരുത്തപ്പെടുത്തിയിരിക്കുന്നു.

സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് (A/c No 101003345) ഡെപ്പോസിറ്റ് ചെയ്ത ചെക്കുകൾ ക്രഡിറ്റായിട്ടുണ്ടെങ്കിലും Reconciliation Statement-ൽ Deposited Not Collected എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തുക ക്രഡിറ്റായ ശേഷം Reconciliation Statement-ൽ ക്രഡിറ്റ് വന്നിട്ടില്ല എന്ന് രേഖപ്പെടുത്തിയതിലൂടെ ബാങ്ക് അക്കൗണ്ടിൽ കുറവ് വന്ന 2843975/- രൂപ പിൻവലിച്ചതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

| ക്രമനമ്പർ | വൗച്ചർനം. & തീയതി | ഇൻസ്ട്രുമെന്റ് നം& തീയതി | തുക |
|---|---|---|---|
| 1 | 121010500051/30.3.2022 | 292243/30.03.2022 | 3378/- |
| 2 | 121010500060/31.3.2022 | 33195/31.03.2022 | 2819245/- |
| 3 | 121010500061/31.3.2022 | 69100/30.03.2022 | 378/- |
| 4 | 121010500058/30.3.2022 | 292243/30.03.2022 | 3126/- |
| 5 | 121010500054/30.3.2022 | 292243/30.03.2022 | 354/- |
| 6 | 121010500052/30.3.2022 | 292243/30.03.2022 | 960/- |
| 7 | 121010500056/30.3.2022 | 292243/30.03.2022 | 7536/- |
| 8 | 121010500050/30.3.2022 | 292243/30.03.2022 | 441/- |
| 9 | 121010500057/30.3.2022 | 292243/30.03.2022 | 354/- |
| 10 | 121010500049/30.3.2022 | 292243/30.03.2022 | 1236/- |
| 11 | 121010500053/30.3.2022 | 292243/30.03.2022 | 600/- |
| 12 | 121010500055/30.3.2022 | 292243/30.03.2022 | 663/- |
| 13 | 121010500025/26.05.2021 | 201210/26.05.2021 | 3250/- |
| 14 | 122000007/2.05.2022 | - | 2454/- |

| | | | |
|---|---|---|---|
| | | ആകെ | 2843975 |

2) തനത്ഫണ്ടിന്റെ റീകൺസീലിയേഷൻ പരിശോധിച്ചതിൽ ഇഷ്യൂ ചെയ്ത ചെക്കുകൾ Encash ചെയ്ത ശേഷവും റീകൺസീലിയേഷൻ സ്റ്റേറ്റ്മെൻറുകളിൽ Uncasshed ആയി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (ഓഗസ്റ്റ് 2022 റീകൺസീലിയേഷൻ സ്റ്റേറ്റ്മെൻറ് പ്രകാരം)

| ക്രമനമ്പർ | വൗച്ചർനം. & തീയതി | ഇൻസ്ട്രുമെന്റ് നം& തീയതി | തുക |
|---|---|---|---|
| 1 | 200977/22.01.2021 | 200977/25.01.21 | 866/- |
| 2 | 221001075/25.01.2021 | 200965/22.01.21 | 500/- |
| 3 | 22200010/11.04.22 | 201416/07.04.2022 | 17365/- |
| 4 | 22200135/03.06.2022 | 201468/20.05.2022 | 199/- |
| 5 | 22200133/03.06.2022 | 201468/20.05.2022 | 199/- |
| 6 | 22200172/07.06.2022 | 201485/20.05.2022 | 200/- |
| 7 | 22200197/13.06.2022 | 201486/21.05.2022 | 17160/- |
| 8 | 22200245/21.06.2022 | 201442/25.04.2022 | 148,876/- |
| 9 | 22200047/11.05.2022 | 201439/25.04.2022 | 610/- |
| 10 | 22200067/18.05.2022 | 201465/09.05.2022 | 2454/- |
| 11 | 22200063/18.05.2022 | 201433/19.04.2022 | 199/- |
| 12 | 22200064/18.05.2022 | 201433/19.04.2022 | 235 |
| 13 | 22200065/18.05.2022 | 201433/19.04.2022 | 847/- |
| 14 | 22200066/18.05.2022 | 201433/19.04.2022 | 199/- |
| 15 | 22200076/20.05.2022 | 201446/26.04.2022 | 19900/- |
| 16 | 22200079/20.05.2022 | 201440/26.04.2022 | 1700/- |
| 17 | 22200081/20.05.2022 | 201485/20.05.2022 | 210/- |
| 18 | 22200123/03.06.2022 | 201497/26.05.2022 | 15357/- |
| 19 | 222000869/22.12.2020 | 206697/22.12.2020 | 250/- |
| 20 | 22100272/26.05.2021 | 201210/26.05.2021 | 3250/- |
| 21 | 21801077/15.02.2019 | 200598/15.02.2019 | 345/- |
| 22 | 22101882/22.03.2022 | 221408/31.03.2022 | 3500/- |
| 23 | 22200046/11.05.2022 | 201441/23.04.2022 | 490/- |
| 24 | 22200054/18.05.2022 | 201434/20.04.2022 | 30304/- |
| 25 | 22200043/11.05.2022 | 201447/29.04.2022 | 31460/- |
| 26 | 22200043/11.05.2022 | 201448/29.04.2022 | 24040/- |
| 27 | 22200130/03.06.2022 | 201468/20.05.2022 | 1120/- |
| 28 | 22200134/03.06.2022 | 201468/20.05.2022 | 199/- |
| 29 | 22200125/03.06.2022 | 201485/20.05.2022 | 1000/- |
| 30 | 22001075/25.01.2021 | 200966/25.01.2021 | 1000/- |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ്, റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ കൃത്യമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധിക്കുന്നതിന് ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി - 17/29.11.2022

ഓഡിറ്റ് എൻക്വയറി - 19/29.11.2022

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 തെരുവ് വിളക്ക് സ്ഥാപിക്കൽ (58/22), ക്രമപ്രകാരമല്ലാതെ ഉയർന്ന നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചു.

പ്രോജക്ട് - തെരുവ് വിളക്ക് സ്ഥാപിക്കൽ (58/22)

അടങ്കൽ തുക - 20,00,000/- (വികസന ഫണ്ട്)

ടി പ്രോജക്ടിന്റെ നിർവ്വഹണത്തിനായി ഇ ടെണ്ടർ ക്ഷണിച്ചതിൽ 7 ടെണ്ടറുകൾ ലഭിച്ചു. 08-11-2011 ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 1(1) നമ്പർ തീരുമാനപ്രകാരം കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ താഴെ കൊടുത്തിട്ടുള്ളആദ്യത്തെ 3 സ്ഥാപനങ്ങളിൽനിന്നും വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്ന സാധനങ്ങളുടെ പരിപാലന വ്യവസ്ഥകളും, ഗുണമേന്മ കണ്ടെത്തുന്നതിന് മാതൃക നല്കുന്നതിനും ആയതിൻറെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

| ക്രമ നം. | സ്ഥാപനം | തുക |
|---|---|---|
| 1 | Omilux Services | 2445 |
| 2 | Radiato Embedded System | 2598 |
| 3 | Fair Grow Traders | 2615 |

ഗുണമേന്മ പരിശോധിച്ചതിൽ 3 സ്ഥാപനങ്ങളുടേയും ഉപകരണങ്ങളുടെ ഗുണമേന്മ തൃപ്തികരമാണെന്ന് ഗുണമേന്മ പരിശോധിച്ച പുനലൂർ ഗവ. പോളിടെക്നിക്ക് കോളേജ് സാക്ഷ്യ പത്രം നല്കി. ടി സ്ഥാപനങ്ങൾ താഴെകൊടുത്തിരിക്കും പ്രകാരം വാറണ്ടി നല്കുന്നതാണെന്ന് അറിയിച്ചു.

| ക്രമ നം. | സ്ഥാപനം | വാറണ്ടി കാലയളവ് |
|---|---|---|
| 1 | Omilux Services | 24 മാസം |
| 2 | Radiato Embedded System | 24 മാസം |
| 3 | Fair Grow Traders | 30 മാസം |

27-11-2011 ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 1(7) നമ്പർ തീരുമാനപ്രകാരം Fair Grow Traders എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 21-06-2013 ലെ സർക്കാർ ഉത്തരവ് (അച്ചടി) 03/2013/SPD ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സ്റ്റോർ പർച്ചേയ്സ് മാന്വലിലെ അധ്യായം 9, ടെണ്ടറുകൾ അംഗീകരിക്കുമ്പോൾ സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ 9.18(2) വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ അംഗീകരിച്ചു. വ്യവസ്ഥ താഴെ കൊടുക്കുന്നു

9-18(ii) The Various Tenders Should Be Compared In Respect Of Price, Quality, Terms Of Delivery, Terms Of Payment, Etc. Other Conditions Being Equal, The Lowest Tender Should Be Accepted And In Cases Where The Lowest Tender Is Not Accepted The Reasons Thereof Should Be Recorded. ടി വ്യവസ്ഥ പ്രകാരം Fair Grow Traders എന്ന സ്ഥാപനത്തിൻറെ ഉയർന്ന നിരക്ക് രേഖപ്പെടുത്തിയ ടെണ്ടർ അംഗീകരിച്ചതിന് ന്യായീകരണമില്ല. കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തെ മതിയായ കാരണം കൂടാതെ ഒഴിവാക്കിയത് അംഗീകരിക്കുന്നില്ല.

ഏറ്റവും കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ Omilux Services, ഉപകരണങ്ങൾവാങ്ങിയ Fair Grow Traders

എന്നീ സ്ഥാപനങ്ങൾ 30W LED Lence Street Light,with Sensor, 30W LED Lence Street Light,with Out Sensor എന്നിവയ്ക്ക് രേഖപ്പെടുത്തിയ പ്രത്യേകനിരക്ക് താഴെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനം | 30W LED Lence Street Ligh | 30W LED Lence Street Light, With Sensor | ആകെ തുക |
|---|---|---|---|---|
| 1. | Omilux Services | 1180 | 1265 | 2445 |
| 2. | Fair Grow Traders | 1235 | 1380 | 2615 |

ടി പ്രോജക്ടിനായി Fair Grow Traders എന്ന സ്ഥാപനത്തിൽ നിന്നും താഴെകൊടുത്തിരിക്കും പ്രകാരം ഉപകരണങ്ങൾ വാങ്ങി.

| ക്രമ നം. | ഉപകരണം | എണ്ണം | നിരക്ക് | തുക | ബിൽനം,/ തീ |
|---|---|---|---|---|---|
| 1 | 30W LED Lence Street Light, And All Acce. (Invoice No 2, 17-02-22 ) | 770 | 1235 | 950950 | 19, 26-02-2022 |
| 2 | 30W LED Lence Street Light,with Sensor And All Acce. (Invoice No 3, 11-03-22 ) | 760 | 1380 | 1048800 | 25,23-03-2022 |
| | | | ആകെ | 19,99,750 | |

ഇതേ ഉപകരണങ്ങൾ ഏറ്റവും കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ Omilux Services എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിരുന്നെങ്കിൽ നല്കേണ്ടിയിരുന്ന തുക

| ക്ര.നം | ഉപകരണം | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|
| 1 | 30W LED Lence Street Light, And All Acce. | 770 | 1180 | 908600 |
| 2 | 30W LED Lence Street Light, With Sensor And All Acce. | 760 | 1265 | 961400 |
| | | | ആകെ | 18,70,000 |

കൂടുതലായി ചെലവഴിക്കേണ്ടി വന്ന തുക 19,99,750 – 1870000 = 1,29,750 രൂപ

അപാകതകൾ ചൂണ്ടിക്കാട്ടി 29-11-2022 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം-09) മുൻകാലങ്ങളിൽ കരാറിലേർപ്പെട്ട സ്ഥാപനങ്ങൾ സമയബന്ധിതമായി സർവ്വീസ് നല്കിയിരുന്നില്ലായെന്നും, ലഭിച്ച ടെണ്ടറുകളിൽ കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ ആദ്യ 3 സ്ഥാപനങ്ങളുടെ വാറൻറി, ഗുണമേന്മ, മെയിൻറനൻസ്, എന്നിവ പരിഗണിച്ചാണ് സ്റ്റോർ പർച്ചേയ്സ് മാന്വലിലെ അധ്യായം 9, ടെണ്ടറുകൾ അംഗീകരിക്കുമ്പോൾ സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ 9.18(2) വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ ആദ്യ 2 സ്ഥാപനങ്ങളെ ഒഴിവാക്കി Fair Grow Traders എന്ന സ്ഥാപനത്തെ തെരഞ്ഞെടുത്തതെന്നും, മറുപടിനല്കി. എന്നാൽ ഗുണമേന്മ പരിശോധനയിൽ 3 സ്ഥാപനങ്ങളുടെ ഉപകരകണങ്ങളും ഗുണമേന്മ ഉള്ളതാണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ആദ്യ 2 സ്ഥാപനങ്ങൾ 2 വർഷം വീതവും, Fair Grow Traders 2.5 വർഷവുമാണ് വാറണ്ടി നല്കിയിട്ടുള്ളത്. മെയിൻറനൻസ് സംബന്ധിച്ച് പ്രത്യേക നിബന്ധനകളൊന്നും ടെണ്ടർപരസ്യത്തിൽ ഉൾപ്പെടുത്തിയിരുന്നില്ല. മാത്രമല്ല ടിസ്ഥാപനങ്ങൾ ഒന്നുംതന്നെ മുൻപ് പഞ്ചായത്തിൽ ടി പ്രവൃത്തിചെയ്തിട്ടുള്ളവയല്ല. മുൻ അനുഭവമില്ലാതെ ആദ്യ 2 സ്ഥാപനങ്ങളുടെ സേവനം മെച്ചമല്ലെന്നും, മൂന്നാമത്തെ സ്ഥാപനത്തിൻറെ സേവനം മെച്ചപ്പെട്ടതാണെന്നും എപ്രകാരമാണ് നിഗമനത്തിൽ എത്തിയതെന്നും കണ്ടെത്താൻ കഴിയുന്നില്ല. ആയതിനാൽ മറുപടിയിൽ പറയുന്ന വസ്തുതകൾ അംഗീകരിക്കുവാൻ കഴിയുകയില്ല.

അധികമായി ചെലവഴിക്കേണ്ടിവന്ന 1,29,750 രൂപ തെറ്റായ തീരുമാനമെടുത്ത കമ്മറ്റിയിൽ അപാകത ചൂണ്ടിക്കാട്ടി വിയോജനം രേഖപ്പെടുത്താതിരുന്ന നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

നിരാകരണം - 1,29,750 രൂപ

ഓഡിറ്റ് അന്വേഷണം നം. 9, 29-11-2022

### 3-2 മൈക്ക് അനൗൺസ്മെൻറ് ചാർജ്ജ്, 2 തവണ നല്കി

പ്രോജക്റ്റ് - കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളും അനുബന്ധ ചെലവുകളും

അടങ്കൽ തുക - 4500000/- (തനതുഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

ടി പ്രോജക്ടിൽ ഉൾപ്പെടുത്തി കോവിഡ് 19 രണ്ടാംഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പൊതുജനങ്ങൾക്ക് മുന്നറിയിപ്പ്, ബോധവല്ക്കരണം എന്നിവ 16-05-21 ൽ നടത്തിയതിന് ശ്രീ. അൻഷാദിന് മൈക്ക് അനൗൺസ്മെന്റ് ചാർജ്ജ്, മൈക്ക് സെറ്റ് വാടക, വാഹനവാടക എന്നിവ ഉൾപ്പെടെ 6100 രൂപ, ചെക്ക് നം. 2011200, തീയതി 19-05-21 പ്രകാരം നല്കി. വീണ്ടും 15-05-21, 16-05-21, 17-05-21 എന്നീ ദിവസങ്ങളിൽ ഇതേ ആവശ്യത്തിനായി ടിയാന് 17895 രൂപ നല്കി (ചെക്ക് നം. 201207, തീ 26-05-2021). 16-05-21 ൽ മൈക്ക് അനൗൺസ്മെൻറ് നടത്തിയതിന് 2 തവണ തുക നല്കിയിട്ടുള്ളതിനാൽ അധികമായി നല്കിയ 6100 രൂപ നിരാകരിക്കുന്നു. ടി തുക തിരികെ ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്.

നിരാകരണം – 6100 രൂപ

ഓഡിറ്റ് അന്വേഷണം - 10/29-11-2022

### 3-3 ഗ്രാമ പഞ്ചായത്ത് ലൈബ്രറി നവീകരണം ,നിർവ്വഹണ ഏജൻസിക്ക് അധികം തുക നല്കി

ഗ്രാമ പഞ്ചായത്ത് ലൈബ്രറി നവീകരണം (102/22)

അടങ്കൽ തുക - 1700000/- ( വികസന ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

നിർവ്വഹണ ഏജൻസി – ആർട്ടിസാൻസ് ഡെവലപ്മെൻറ് കോ ഓപറേറ്റീവ് ലിമിറ്റഡ് (ആർട്ട്കോ)

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് 59.365 ച. മീ RMP - MARINEPLYWOOD ഉപയോഗിച്ച് റാക്ക് നിർമ്മിച്ചതിന് 17177 / ച.മീ പ്രകാരം 18% ജിഎസ് ടി ഉൾപ്പെടെ 1203160/- രൂപ (59.36 X 17177 = 1019627 + GST 18% 183533 = 1203160) ആർട്ട്കോയ്ക്ക് നല്കി (ബിൽ നം- 25 തീ 23-03-2022) എന്നാൽ ഗവ. ഉത്തരവ് (സാധാ)1/2021/SPD, 05-01-2021, ഗവ. ഉത്തരവ് (സാധാ)4/2018/SPD, 02-02-2018 എന്നിവ പ്രകാരം അനുവദനീയമായ നിരക്ക് 17117 / ച.മീ ആണ്. ഇതുപ്രകാരം 18% ജിഎസ്ടി ഉൾപ്പെടെ നല്കേണ്ട തുക 1198957/- രൂപയാണ് (59.36 X 17117 = 1016065 + GST 18% 182892 = 1198957). അധികമായി 4203/- രൂപ (1203160-1198957 = 4203) നല്കി. ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

നിരാകരണം – 4203/- രൂപ

ഓഡിറ്റ് അന്വേഷണം - 10/29-11-2022

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 25.11.2022 & 26.11.2022 | കെ.എസ്.എ.കെ.എൽ.എം.പി1/2268 /2022,<br>തീയതി – 20.03.2023 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക(രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 650000/- | പ്രോ. നം.2/22<br>ലൈഫ് ഭവന നിർമ്മാണം | 650000/- | - |

| | | | | | |
|---|---|---|---|---|---|
| | | | -ജനറൽ | | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 500000/- | പ്രോ. നം.33/22 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്- | 500000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 100000/- | പ്രോ. നം.40/22 അനുപൂരക പോഷകാഹാര പരിപാടി | 100000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 650000/- | പ്രോ. നം.49/22 ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങൽ ( SC) | 650000/- | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1100000 | പ്രോ. നം.11/22 ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങൽ (ജനറൽ) | 1100000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 140000 | പ്രോ. നം.81/22 ലൈഫ് ഭവന നിർമ്മാണം(ST) | 140000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1000000/- | പ്രോ. നം.47/22 ലൈഫ് ഭവന നിർമ്മാണം | 1000000/- | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 500000/- | ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങൽ ( SC) | 500000/- | - |
| ജില്ലാ പഞ്ചായത്ത് | 2021-22 | 620000/- | ലൈഫ് ഭവന നിർമ്മാണം | 620000/- | - |
| ജില്ലാ പഞ്ചായത്ത് | 2021-22 | 900000/- | അനുപൂരക പോഷകാഹാര പരിപാടി | 900000/- | - |
| ജില്ലാ പഞ്ചായത്ത് | 2021-22 | 200000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്- | 200000/- | - |
| ജില്ലാ പഞ്ചായത്ത് | 2021-22 | 66955/- | പാലിന് സബ്സിഡി | 66955/- | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 450000/- | ലൈഫ് ഭൂരഹിതർക്ക് ഭൂമി വാങ്ങൽ-ജനറൽ | 450000/- | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | 184/22 ഇലക്ട്രിക്ക് പോസ്റ്റ് ഷിഫ്റ്റിംഗ് | 12976/1.10.21 | 15882 | - | 15882 |
| KSEB | 184/22 | | 76218 | 76218 | - |

| | | | | | |
|---|---|---|---|---|---|
| | ഇലക്ട്രിക്ക് പോസ്റ്റ് ഷിഫ്റ്റിംഗ് | | | | |
| KSEB | | 013375/9.12.21 | 24052 | - | 24052 |
| KSEB | | 5166530/16.3.22 | 96554 | - | 96554 |
| KSEB | | 3947934/23.11.21 | 117904 | - | 117904 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 24720000/- രൂപ വരവുണ്ട്. മുൻബാക്കി 1223/- രൂപയടക്കം 24721223/- രൂപയിൽ 15172000/- വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻവർഷ വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | 3367/7.4.21<br>5206/30.7.21<br>22/1.1.22 | 24720000/- | 53112667/- (മുൻവർഷ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം) | 9166667/- | - | 68666000/- |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1501000/- |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 1501000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1501000/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്.) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കേരള ഗ്രാമീൺ ബാങ്ക് | 30.09.2014 | 30/09/2014-30/03/2023 | 1000000/- | |
| 2 | കേരള ഗ്രാമീൺ ബാങ്ക് | 07.11.2016 | 07.11.2016-07.11.2023 | 500000/- | |
| 3 | കൊല്ലം സഹകരണ മിൽ | 8.3.78 | 2 Years | 800/- | |
| 4 | കൊല്ലം സഹകരണ മിൽ | 7.9.93 | 2 Years | 200/- | |
| ആകെ | | | | 1501000/- | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 373860/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2018-19 | 3-1 – 1 | 6744/- | ശ്രീ. വി. എൽ. അനിൽ കുമാർ<br>അസി. എഞ്ചിനിയർ, | 121010103570/05.11.21 |

| | | | | |
|---|---|---|---|---|
| | | | എൽ എസ്. ജി.ഡി | |
| 2018-19 | 3-1 – 2 | 3091/- | ശ്രീ. ജാഫർഖാൻ<br>അസി. എഞ്ചിനിയർ,<br>എൽ എസ്. ജി.ഡി | 121010103572/05.11.21 |
| 2018-19 | 1-13 | 3947/- | ശ്രീ. ഫസലുദ്ദീൻ<br>അസി. എഞ്ചിനിയർ,<br>എൽ എസ്. ജി.ഡി | 121010103573/05.11.21 |
| 2018-19 | 1-14,1 | 5000/- | ശ്രീ. ഹാഷിം<br>അസി. എഞ്ചിനിയർ,<br>എൽ എസ്. ജി.ഡി | 121010103574/05.11.21 |
| 2018-19 | 1-14(2) | 2000/- | ശ്രീ. അബ്ദുൽ സലീം<br>അസി. എഞ്ചിനിയർ,<br>എൽ എസ്. ജി.ഡി | 121010103575/05.11.21 |
| 2018-19 | 1-14(3) | 1856/- | ശ്രീ. ഷൈൻ. ആർ<br>അസി. എഞ്ചിനിയർ,<br>എൽ എസ്. ജി.ഡി | 121010103576/05.11.21 |
| 2016-17 | 2-6 | 325612/- | അസി. എഞ്ചിനിയർ,<br>എൽ എസ്. ജി.ഡി | 12101010500021/06.11.21 |
| 2019-20 | 1-24 | 1963/- | അസി. എഞ്ചിനിയർ,<br>എൽ എസ്. ജി.ഡി | 12101010105521/06.11.21 |
| 2019-20 | 1-24 | 303/- | ശ്രീ. ഷാനവാസ്<br>അസി. എഞ്ചിനിയർ,<br>എൽ എസ്. ജി.ഡി | 12101010105522/17.02.2022 |
| 2019-20 | 1-26 | 3425/- | ശ്രീ. നിഖിൽ<br>അസി. എഞ്ചിനിയർ,<br>എൽ എസ്. ജി.ഡി | 12101010105523/17.02.2022 |
| 2020-21 | 3-1 | 19919/- | അസി. എഞ്ചിനിയർ,<br>എൽ എസ്. ജി.ഡി | 12101010105527/17.02.2022 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1998-1999 | 3 | 2000-2001 | പട്ടികജാതിദുർബല വിഭാഗങ്ങൾക്കുള്ള സൗരോർജ്ജ വിളക്ക് വിതരണം | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 1999-2000 | 34 | 2003-2004 | പദ്ധതിനിർവഹണം പൂർത്തീകരിക്കാത്തതു സംബന്ധിച്ച് | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2016-2017 | 3-6 | 2015-2016 (2-2) | രണ്ടുനില കെട്ടിടം പണിയുന്നതിന് അനുമതി നേടിയ ശേഷം 3 നില | അക്കൗണ്ട്സ് കമ്മിറ്റിയുടെ |

| | | | | |
|---|---|---|---|---|
| | | | കെട്ടിടം പണിതു. യാതൊരു ക്രമവൽകരണ നടപടികളും സ്വീകരിക്കാതെ കെട്ടിട നമ്പർ അനുവദിച്ചു നൽകി | പരിഗണനയിലാണ് |
| 2016-2017 | 3-10 | 2015-2016 (2-3) | കെട്ടിട നിർമ്മാണ ചട്ടങ്ങളും ജില്ലാ ടൗൺ പ്ലാനറുടെ ഉത്തരവും പൂർണ്ണമായും ലംഘിച്ച് പണിത ഓഡിറ്റോറിയത്തിന് കെട്ടിട നമ്പർ അനുവദിച്ച് നൽകി | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

തൻവർഷം ഈ ഇനത്തിൽ തുക ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 1,29,750/- | ശ്രീ. രമേഷ് കെ എസ്, സെക്രട്ടറി |
| 3-2 | | 6,100/- | ശ്രീ. രമേഷ് കെ എസ്, സെക്രട്ടറി |
| 3-3 | | 4,203/- | ശ്രീ. രമേഷ് കെ എസ്, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 6,25,000/- | ശ്രീ പ്രദീപ് റ്റി എ, വെറ്റിനറി സർജൻ |
| 1-16 | 52,000/- | ശ്രീ പ്രദീപ് റ്റി എ, വെറ്റിനറി സർജൻ |
| 1-17 | 50,000/- | ശ്രീ. അഭിലാഷ്, വി.ഇ.ഒ |
| | 50,000/- | മിന്റു മോഹൻ, വി.ഇ.ഒ |
| 1-22 | 9,68,489/- | ശ്രീ.രമേഷ് കെ എസ്, സെക്രട്ടറി |
| 1-28 | 41,581/- | ശ്രീ.രമേഷ് കെ എസ്, സെക്രട്ടറി |
| 1-29 | 42,550/- | ശ്രീമതി നമിതാ ജസ്റ്റിൻ, ഹെഡ്മിസ്ട്രസ് |
| 1-30 | 11,20,643/- | ഡോ.പ്രകാശ് മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രമേഷ് കെ എസ്, സെക്രട്ടറി | സെക്രട്ടറി, കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്ത് | ചാമവിള വീട്, K.T.കുന്ന് പി.ഒ കല്ലറ-695608 |
| ശ്രീ പ്രദീപ് റ്റി എ, വെറ്റിനറി സർജൻ | വെറ്റിനറി സർജൻ ചേർപ്പ് ഗ്രാമപഞ്ചായത്ത് | തെങ്ങല്ലൂർ ഹൌസ് അവിനാശ്ശേരി പി ഒ-680306 |

| | | |
|---|---|---|
| ഡോ.പ്രകാശ്, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, കുളത്തുപ്പുഴ ഗ്രാമപഞ്ചായത്ത് | പ്രകാശ്ഭവൻ, മുക്കോണിക്കൽ, നെടുമങ്ങാട് പി.ഒ-691312 |
| ശ്രീമതി നമിതാ ജസ്റ്റിൻ, ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, ജവഹർ സ്കൂൾ, ആയൂർ | ശാലോം, കാരക്കാട്, കുറ്റിക്കാട് കടയ്ക്കൽ-691536 |
| ശ്രീമതി മിന്റു മോഹൻ , വി.ഇ.ഒ | വി.ഇ.ഒ, കുളത്തുപ്പുഴ ഗ്രാമപഞ്ചായത്ത് | അനൂപ് ഭവൻ, പെരുങ്ങള്ളൂർ, ആയൂർ |
| ശ്രീ. അഭിലാഷ്, വി.ഇ.ഒ | വി.ഇ.ഒ, തെന്മല ഗ്രാമപഞ്ചായത്ത് | കളീലിൽ വീട്, കുറവൻതേരി, കരുകോൺ പി.ഒ. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ ശേഷിക്കുന്ന ഖണ്ഡികകളുടെ വിവരം |
|---|---|---|
| 1998-99 | കെ.എസ്.എ.കെ.എൽ.എം.പി1.376/2018 തീയതി 09.04.2018 | 01 |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.പി1.376/2018 തീയതി 09.04.2018 | 02 |
| 2000-01 | കെ.എസ്.എ.കെ.എൽ.എം.പി1.376/2018 തീയതി 09.04.2018 | 03 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം.പി1.376/2018 തീയതി 09.04.2018 | 03 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം.പി1.376/2018 തീയതി 09.04.2018 | 05 |
| 2003-04 | എൽ.എഫ്.ക്യൂ.പി4/447/2007 തീയതി 30.03.2007 | 3 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം.പി1.376/2018 തീയതി 09.04.2018 | 04 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം.പി1.376/2018 തീയതി 09.04.2018 | 01 |
| 2006-07 | എൽ.എഫ്.ക്യൂ.പെൻ/86/2009 തീയതി 03.02.2009 | 06 |
| 2007-08 | എൽ.എഫ്.ക്യൂ.പി4/1182/2011 തീയതി 07.12.2011 | 16 |
| 2008-09 | എൽ.എഫ്.ക്യൂ.പി4/1325/2014 തീയതി 19.06.2014 | 14 |
| 2009-10 | എൽ.എഫ്.ക്യൂ.പി4/1325/2014 തീയതി 19.06.14 | 17 |
| 2010-11 | എൽ.എഫ്.ക്യൂ.പി4/735/2012 തീയതി 30.04.2013 | 16 |
| 2011-12 & 2012-13 | കെ.എസ്.എ-കെ.എൽ.എം-പി1/അദാലത്ത്/2011-12,2012-13 /1450/22(1) തീയതി 23.08.2022 | 14 |

| | | |
|---|---|---|
| 2013-14<br>&<br>2014-15 | കെ.എസ്.എ-കെ.എൽ.എം-പി1/അദാലത്ത്/2013-14,2014-15<br>/1450/22(2) തീയതി 23.08.2022 | 17 |
| 2015-16 | കെ.എസ്.എ-കെ.എൽ.എം-പി1/അദാലത്ത്/2015-16/1450/22(3)<br>തീയതി 23.08.2022 | 11 |
| 2016-17 | കെ.എസ്.എ-കെ.എൽ.എം-പി1/1420/20<br>തീയതി 9.2.21 | 13 |
| 2017-18 | കെ.എസ്.എ-കെ.എൽ.എം-പി1/695/21<br>തീയതി 18.6.21/30.6.21 | 15 |
| 2018-19 | കെ.എസ്.എ-കെ.എൽ.എം-പി1/1386/20<br>3.5.21/21.6.21 | എല്ലാ ഖണ്ഡികകളും |
| 2019-20 | കെ.എസ്.എ-കെ.എൽ.എം-പി1/395/22/ 30.6.22 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ-കെ.എൽ.എം-പി1/396/2022/ Dt.25.07.22 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം

## അനുബന്ധം-3

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്